"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ജയിലുകൾ - ശ്രീ.രഞ്ജിത്ത് എം എസ്, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, സ്പെഷ്യൽ സബ് ജയിൽ, മാവേലിക്കര - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3263/2024/HOME തീയതി,തിരുവനന്തപുരം, 05-11-2024

പരാമർശം:-
1. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 04/10/2024-ലെ ഇ5-26237/2024/പി.ആർ.എച്ച്.ക്യു നമ്പർ നടപടിക്രമം.
2. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 04.10.2024-ലെ ഇ5-26237/2024/പി.ആർ.എച്ച്.ക്യു നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ.രഞ്ജിത്ത് എം എസ്, കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ 29/05/2020 ലെ നിയമന ശുപാർശയുടെയും ജയിൽ വകുപ്പ് മേധാവിയുടെ 01/07/2010 ലെ ഉത്തരവിന്റേയും അടിസ്ഥാനത്തിൽ 08/07/2020 തീയതിയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ ജയിൽവകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. സർവ്വീസിൽ പ്രവേശിച്ച് തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ടു വർഷമാണ് അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലാവധി. ടി കാലയളവിൽ ടിയാൻ പ്രൊബേഷനെ ബാധിക്കുന്ന തരത്തിലുള്ള അവധികൾ ഒന്നും എടുത്തിട്ടില്ല. ടിയാൻ, പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പ് തല പരീക്ഷകൾ 2024 ജനുവരി മാസത്തിൽ നടത്തിയ പരീക്ഷയിലൂടെ പാസ് ആയിട്ടുണ്ട്. അവസാനമായി പരീക്ഷയിൽ പങ്കെടുത്ത തീയതി 13/05/2024 ഉം ടി നോട്ടിഫിക്കേഷനിൽ നടന്ന അവസാന പരീക്ഷയുടെ തീയതി 24/05/2024 ഉം ആണ്.

2)ടിയാന്റെ പ്രൊബേഷൻ കാലയളവ് 08/07/2022 മുതൽ 07/07/2023 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ടിയാന്റെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 25/05/2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനു വേണ്ടി പ്രൊബേഷൻ കാലയളവ് 08/07/2023 മുതൽ 26/05/2024 ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ പരാമർശം (2) കത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീ.രഞ്ജിത്ത് എം എസ്- ന്റെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ

തസ്തികയിലെ പ്രൊബേഷൻ **25/05/2024** പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്കു സാധിക്കുമാറ്, ടിയാന്റെ പ്രൊബേഷൻ കാലയളവ് **08/07/2023** മുതൽ **26/05/2024** വരെ, കെ.എസ് & എസ്.എസ്.ആർ ഭാഗം **II** ചട്ടം **21** പ്രകാരം, ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ARUN R B**

അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം. (സർവ്വീസ് ബുക്ക് സഹിതം).
ശ്രീ.രഞ്ജിത്ത് എം എസ്(പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Jijimon R
സെക്ഷൻ ഓഫീസർ
Date: 05-11-2024 16:43:33